KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.94/PR/PIC/PHQ/13 Date : 27.09.2013

# സൈബർ സുരക്ഷയ്ക്ക് ഏജൻസികളുടെ ഏകോപിച്ചുള്ള പ്രവർത്തനം അനിവാര്യം

**-തിരുവഞ്ചൂർ രാധാകൃഷ്ണൻ**

ഇന്റർനെറ്റിന്റെയും സൈബർ രംഗത്തിന്റെയും സുരക്ഷയ്ക്കും ശരിയായ പരിപാലനത്തിനും അവശ്യം വേണ്ടത് ലോകത്തിന്റെ പല ഭാഗങ്ങളിലായി ഈ രംഗത്തു പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ ഏകോപിച്ചുള്ള പ്രവർത്തനമാണെന്ന് ആഭ്യന്തര-വിജിലൻസ് വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രസ്താവിച്ചു. കേരള പോലീസ് വിവിധ ഏജൻസികളുമായി ചേർന്ന് സംഘടിപ്പിക്കുന്ന ദ്വിദിന അന്താരാഷ്ട്ര സൈബർ സെക്യൂരിറ്റി പോലീസിങ് കോൺഫറൻസ് 'കൊക്കോൺ 2013' തിരുവനന്തപുരത്ത് ഹോട്ടൽ താജ് വിവാന്റയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വിവര സാങ്കേതികവിദ്യ ഇന്ന് ജീവിതത്തിന്റെ സമസ്ത മേഖലകളിലും നിർണായക സ്വാധീനം ചെലുത്തുകയാണ്. യഥാർത്ഥ ലോകത്ത് നടക്കുന്ന സാമൂഹിക വിനിമയങ്ങളെക്കാൾ കൂടുതൽ വിനിമയങ്ങൾ വെർച്വൽ ലോകത്ത് നടക്കുന്ന സ്ഥിതിയിലേക്ക് ഈ മേഖല വളരുകയാണ്. ജനങ്ങളുടെ ജീവിത സൗകര്യങ്ങളും ക്ഷേമവും കൂടുതൽ ഫലപ്രദമായി ഉറപ്പാക്കാനുള്ള സാഹചര്യം വിവര സാങ്കേതികവിദ്യയുടെ വളർച്ചയിലൂടെ സൃഷ്ടിക്കപ്പെടുന്നുണ്ട്. എന്നാൽ സുരക്ഷിതമായ കംപ്യൂട്ടിങിന് എതിരായി നടക്കുന്ന പലതരം ആക്രമണങ്ങളും വിധ്വംസക പ്രവർത്തനങ്ങളും ഈ രംഗത്തെ ഗുണഫലങ്ങളെ അട്ടിമറിക്കുകയാണ്. അതോടൊപ്പം, സൈബർ കുറ്റകൃത്യങ്ങളും വർധിച്ചു വരുന്നു. കുറ്റകൃത്യങ്ങൾക്കും ദേശവിരുദ്ധ പ്രവർത്തനങ്ങൾക്കും ഇന്റർനെറ്റ് നൽകുന്ന സാങ്കേതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്ന പ്രവണതയും വർധിക്കുന്നു. ഇവയ്ക്കെതിരെ ഫലപ്രദമായ സുരക്ഷയൊരുക്കിക്കൊണ്ടു മാത്രമെ ഇന്റർനെറ്റിന്റെ ഗുണഫലങ്ങൾ എല്ലാവരിലുമെത്തിക്കാനാവൂ. ഈ സാങ്കേതികവിദ്യയ്ക്കുള്ള ആഗോള സ്വഭാവം കാരണം ലോകത്താകെയുള്ള സർക്കാരുകളുടെയും സേവനദാതാക്കളുടെയും നിയമപരിപാലന സംവിധാനങ്ങളുടെയും കൂട്ടായ പരിശ്രമത്തിലൂടെ മാത്രമേ യഥാർത്ഥ സുരക്ഷ ഉറപ്പാക്കാനാകൂ. എന്നാൽ, സുരക്ഷ ഉറപ്പാക്കുന്നതിനും സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുമുള്ള നടപടികൾ സ്വകാര്യതയെ ഭഞ്ജിക്കുന്നതോ ന്യായമായ അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തെ ഹനിക്കുന്നതോ ആകാതെ നോക്കേണ്ടതാണ്. ഈ ലക്ഷ്യത്തോടെ, കൂട്ടായ സൈബർ സുരക്ഷാ മാർഗ്ഗങ്ങൾ ചർച്ച ചെയ്യുന്നതിനും പരസ്പരം കൈമാറുന്നതിനും ഇത്തരം രാജ്യാന്തര കോൺഫറൻസുകൾ ഏറെ ഉപകരിക്കുമെന്നും കൊക്കോൺ 2013ലെ നിർദ്ദേശങ്ങൾ സൈബർ സുരക്ഷ വർധിപ്പിക്കുന്നതിനുള്ള സർക്കാർ നടപടികൾക്ക് സഹായകമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നാഷണൽ സെക്യൂരിറ്റി ഡെപ്യൂട്ടി അഡ്വൈസറും ഭാരത സർക്കാർ സെക്രട്ടറിയുമായ നീഷാൽ സന്ധു മുഖ്യപ്രഭാഷണം നടത്തി. ചീഫ് സെക്രട്ടറി ഇ.കെ. ഭരത് ഭൂഷൺ പ്രഭാഷണം നടത്തി. ആഭ്യന്തര- വിജിലൻസ് പ്രിൻസിപ്പൽ സെക്രട്ടറി എൽ. രാധാകൃഷ്ണൻ, പോൾസൈബ് എക്സിക്യൂട്ടീവ് ഡയറക്ടർ ബെസ്സി പാങ്, ഗ്ലോബൽ പ്രോഡക്ട് പ്രൊട്ടക്ഷൻ റീജിയണൽ മാനേജർ റെയ്മണ്ട് വെലസ് എന്നിവർ ആശംസ അർപ്പിച്ചു. സംസ്ഥാന പോലീസ് മേധാവി കെ.എസ്. ബാലസുബ്രഹ്മണ്യൻ സ്വാഗതവും എഡിജിപി (ക്രൈംസ്) വിൻസൺ എം. പോൾ നന്ദിയും പറഞ്ഞു.

The contents of this document may be deemed to be based on received information which is subject to further verification